# കേരള സർക്കാർ

നമ്പർ. 157/ആർ.ഡി.3/15/തസ്വഭവ

തദ്ദേശസ്വയം ഭരണ (ആർ.ഡി) വകുപ്പ്,
തിരുവനന്തപുരം, തീയതി. 11 /9/2015.

## സർക്കുലർ

വിഷയം: തദ്ദേശസ്വയം ഭരണ വകുപ്പ് – പാൻമസാല തുടങ്ങിയ ആരോഗ്യത്തിന് ഹാനികരമായ ലഹരി വസ്തുക്കളുടെ വിൽപ്പന നിരോധനം സ്കൂൾ ഹോസ്റ്റലുകൾക്കും ബാധകമാക്കിക്കൊണ്ട് നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന: 24-11-2011-ലെ 34591/ആർ.ഡി3/11/തസ്വഭവ നമ്പർ സർക്കുലർ.

സൂചനയിലെ സർക്കുലർ പ്രകാരം പാൻമസാല തുടങ്ങി ആരോഗ്യത്തിന് ഹാനികരമായ ലഹരി വസ്തുക്കളുടെ വിൽപ്പനയ്ക്ക് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്ന് 400 മീറ്റർ അകലം വരെ നിരോധനം ഏർപ്പെടുത്തിയിരുന്നു. എന്നാൽ ഇതിലെ വിദ്യാഭ്യാസ സ്ഥാപനം എന്ന വാക്കിന്റെ നിർവ്വചനത്തിൽ സ്കൂൾ ഹോസ്റ്റലുകൾ ഉൾപ്പെട്ടിരുന്നില്ല. വിദ്യാർത്ഥികൾക്ക് ഇത്തരം ലഹരി വസ്തുക്കൾ ലഭ്യമാകാതിരിക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് വിദ്യാഭ്യാസ സ്ഥാപനത്തെ ടി സർക്കുലറിന്റെ പരിധിയിൽ ഉൾപ്പെടുത്തിയിരുന്നത്. ആയതിനാൽ വിദ്യാർത്ഥികൾ താമസിക്കുന്ന ഹോസ്റ്റലുകളെയും വിദ്യാഭ്യാസ സ്ഥാപനത്തിന്റെ നിർവ്വചനത്തിൽ ഉൾപ്പെടുത്തി ടി സർക്കുലർ പ്രകാരമുള്ള നിരോധനം സ്കൂൾ ഹോസ്റ്റലുകൾക്കും കൂടി ബാധകമാക്കി സർക്കാർ നിർദ്ദേശം പുറപ്പെടുവിക്കുന്നു.

പ്രിൻസിപ്പൽ സെക്രട്ടറി

1. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
2. എല്ലാ ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
3. എല്ലാ കോർപ്പറേഷൻ/മുനിസിപ്പൽ സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
4. ഡയറക്ടർ ജനറൽ ഓഫ് പോലീസ്, തിരുവനന്തപുരം.

5. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, പ്രതീക്ഷ ടവേഴ്സ്, പാങ്ങപ്പാറ, തിരുവനന്തപുരം. (തദ്ദേശസ്വയംഭരണ വകുപ്പിന്റെയും മറ്റും സർക്കാർ വെബ് സൈറ്റുകളിലും പ്രസിദ്ധീകരിക്കുന്നതിന്).

6. ഡയറക്ടർ, പൊതുജന-വിവര സമ്പർക്ക വകുപ്പ് (പത്രമാധ്യമങ്ങളിലൂടെ ആവശ്യമായ പബ്ലിസിറ്റിയ്ക്ക്).

പകർപ്പ്:

1 ബഹു. പഞ്ചായത്ത് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
2 ബഹു. നഗരകാര്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
3 തദ്ദേശസ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ യ്ക്ക്.
4 തദ്ദേശസ്വയം ഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എ യ്ക്ക്.
5 കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ